# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.T 1079 10.08.2017 ൽ മറുപടിക്ക്**

**മന്ത്രിമാരുടെ ഔദ്യോഗിക വസതികളുടെ അറ്റകുറ്റപ്പണി**

| ചോദ്യം<br>ശ്രീ. അൻവർ സാദത്ത് | ഉത്തരം<br>ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) ഈ സർക്കാർ അധികാരമേറ്റശേഷം, മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും ഔദ്യോഗിക വസതികളുടെ അറ്റകുറ്റപ്പണിക്കും മോടി പിടിപ്പിക്കലിനുമായി ഇതുവരെ എന്തു തുക ചെലവായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും ഔദ്യോഗിക വസതികളുടെ അറ്റകുറ്റപ്പണിക്കുവേണ്ടി ആകെ 67,54,662/- രൂപ കരാറുകാർക്ക് നൽകിയിട്ടുണ്ട്. മോടിപിടിപ്പിക്കുന്നതിനായി ആകെ 4,57,104/- രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ബി) ഈ കാലയളവിൽ ഓരോ വസതിയിലും എത്ര തവണ മോടിപിടിപ്പിക്കലും അറ്റകുറ്റപ്പണിയും നടത്തിയെന്ന് വ്യക്തമാക്കാമോ; | (ബി) അറ്റകുറ്റപ്പണികളുടെ വിശദവിവരങ്ങൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു. ക്ലിഫ് ഹൗസ്, പമ്പ, നിള, തൈക്കാട് ഹൗസ്, പെരിയാർ ഹൗസ്, മൻമോഹൻ ബംഗ്ലാവ് എന്നിവയിൽ ഓരോ തവണയും, സാനഡു - വിൽ രണ്ട് തവണയും മോടിപിടിപ്പിക്കലിന്റെ ഭാഗമായുള്ള കർട്ടൺ വർക്കുകൾ നടത്തിയിട്ടുണ്ട്. |
| (സി) ഔദ്യോഗിക വസതിക്കായി കെട്ടിടങ്ങൾ വാടകയ്ക്കെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ, പ്രസ്തുത കെട്ടിടങ്ങളിൽ നടത്തിയ വർക്കുകളുടെയും വാങ്ങിയ സാധനങ്ങളുടെയും ചെലവ് എത്രയെന്ന് വ്യക്തമാക്കുമോ? | (സി) ഔദ്യോഗിക വസതിക്കായി സർക്കാർ വാടക കെട്ടിടങ്ങൾ എടുത്തിട്ടില്ല. |

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

| ക്രമ നം. | ഔദ്യോഗിക വസതിയുടെ പേര് | വകുപ്പ് | അറ്റകുറ്റപ്പണികൾ നടത്തിയ തവണ സിവിൽ | ഇലക്ട്രിക്കൽ |
|---|---|---|---|---|
| 1 | ക്ലിഫ് ഹൗസ് ബംഗ്ളാവ് | മുഖ്യമന്ത്രി | 3 | 1 |
| 2 | അശോക ബംഗ്ളാവ് | ഭക്ഷ്യ സിവിൽ സപ്ലൈസ് | 1 | 1 |
| 3 | ലിന്റ് ഹസ്റ്റ് ബംഗ്ളാവ് | റവന്യൂ | 1 | 1 |
| 4 | പ്രശാന്ത് ബംഗ്ളാവ് | ജലസേചനം | 1 | 1 |
| 5 | അജന്ത ബംഗ്ളാവ് | വനം | 2 | 1 |
| 6 | സാനഡു ബംഗ്ളാവ് | മുൻപ് വ്യവസായ വകുപ്പ് മന്ത്രി താമസിച്ചിരുന്ന കാലയളവിൽ | 2 | 1 |
| | | പുതിയ വൈദ്യുതി വകുപ്പ് മന്ത്രി താമസമായതിനുശേഷം ഒരു പണിയും ഏറ്റെടുത്ത് നടത്തിയിട്ടില്ല | - | - |
| 7 | ഉഷസ് ബംഗ്ളാവ് | ഫിഷറീസ് | 1 | 1 |
| 8 | നെസ്റ്റ് ബംഗ്ളാവ് | പൊതുമരാമത്ത്/രജിസ്ട്രേഷൻ | 1 | 1 |
| 9 | റോസ് ഹൗസ് | തുറമുഖം/ മ്യൂസിയം | 3 | 1 |
| 10 | നിള ബംഗ്ളാവ് | ആരോഗ്യം | 1 | 1 |
| 11 | പൗർണ്ണമി ബംഗ്ളാവ് | വിദ്യാഭ്യാസം | 1 | 1 |
| 12 | മൻമോഹൻ ബംഗ്ളാവ് | ധനകാര്യം | 2 | 1 |
| 13 | എസ്സെൻഡീൻ ബംഗ്ളാവ് | തൊഴിൽ/എക്സൈസ് | 1 | 1 |
| 14 | പെരിയാർ ഹൗസ് | സഹകരണം/ടൂറിസം | 1 | 1 |
| 15 | പമ്പ ബംഗ്ളാവ് | നിയമം/ പിന്നോക്ക ക്ഷേമം | 1 | 1 |
| 16 | കാവേരി ബംഗ്ളാവ് | ഗതാഗതം | 1 | 1 |
| 17 | ഗംഗ ബംഗ്ളാവ് | തദ്ദേശ സ്വയം ഭരണം | 2 | 1 |
| 18 | ഗ്രേസ് ബംഗ്ളാവ് | കൃഷി | 1 | 1 |
| 19 | തൈക്കാട് ഹൗസ് | ദേവസ്വം | 1 | 1 |

സെക്ഷൻ ഓഫീസർ